# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.691 — 29/01/2019 ൽ മറുപടിക്ക്

**ശബരിമല യുവതി പ്രവേശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല ദർശനത്തിന് എത്തുന്ന യുവതികൾക്ക് പ്രത്യേക സുരക്ഷ ഒരുക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നോ;വ്യക്തമാക്കുമോ; | (എ) | അത്തരം നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (ബി) | ശബരിമലയിൽ യുവതി പ്രവേശം അനുവദിച്ച സുപ്രീംകോടതി വിധിക്ക് ശേഷം പത്തിനും അൻപതിനും ഇടയിൽ പ്രായമുള്ള എത്ര സ്ത്രീകൾ ശബരിമലയിൽ ദർശനം നടത്തി; വിശദമാക്കുമോ; | (ബി) | ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ റിപ്പോർട്ട് പ്രകാരം 2 യുവതികൾ ശബരിമല ദർശനം നടത്തിയിട്ടുണ്ട്. |
| (സി) | ശ്രീലങ്കൻ യുവതി ശശികല ശബരിമലയിൽ ദർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച സ്ഥിരീകരണം എപ്രകാരമാണ് നടത്തിയത്; വെളിപ്പെടുത്തുമോ; | (സി) യും (ഡി) | ശ്രീലങ്കൻ യുവതി ദർശനം നടത്തിയിട്ടുള്ളതായി സ്ഥിരീകരണം ലഭിച്ചിട്ടില്ല. |
| (ഡി) | ശ്രീലങ്കൻ യുവതി ദർശനം നടത്തിയതിന് തെളിവില്ലായെന്ന നിലപാട് ദേവസ്വം ബോർഡ് സ്വീകരിച്ചിരുന്നോ; എങ്കിൽ അപ്രകാരം ഒരു നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ